# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3691** **20-6-2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>" വി.കെ. ഇബ്രാഹിം കുഞ്ഞ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തു-വാനുണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. കേരള സംസ്ഥാന ഐ.ടി മിഷന്റെ സഹായത്തോടെ സ്ഥാപിക്കുവാൻ പോകുന്ന കാൾ സെന്ററിലും വകുപ്പിലും പരാതികൾ ലഭിക്കുമ്പോൾ ഉടൻ തന്നെ പരാതി ലഭിക്കുന്ന സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വാഹനം ഏതെന്ന് ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തി ആ വാഹനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് പരാതി കൈമാറുന്നതിനും പരാതിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും വേണ്ടിയാണ് വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി-യിട്ടുള്ളത്. |
| (ബി) നിലവിൽ വകുപ്പിൽ ഉപയോഗിക്കുന്ന എത്ര വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ഇനി എത്ര വാഹനങ്ങളിൽ ഏർപ്പെടുത്താനുണ്ട് എന്നതിന്റെ വ്യക്തമായ വിവരം നൽകുമോ; | (ബി) 42 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിച്ചു. ഇനി ഒരു വാഹനത്തിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നില്ല. |
| (സി) ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയ ശേഷം ഈ സംവിധാനം ഉപയോഗപ്പെടുത്തി എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയ ശേഷം ടി സംവിധാനം ഉപയോഗിച്ച് കേസുകൾ എടുത്തിട്ടില്ല. കാൾ സെന്റർ പ്രവർത്തന സജ്ജമാകുന്നതോടെ ജി.പി.എസ് സംവിധാനം ഉപയോഗിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്നതാണ്. |
| (ഡി) ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസിലെ ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ വാഹനത്തിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഏർപ്പെടുത്തുവാനുണ്ടായ കാരണം എന്തെന്ന് വിശദമാക്കാമോ? | (ഡി) ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ വാഹനത്തിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

Chithralekha R (signature)

സെക്ഷൻ ഓഫീസർ